

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി.9/2062/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 22/12/2025
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി.9/2062/2025 തീയ്യതി: 22/12/2025

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രതാപ്കുമാർ ആർ.	ഡെപ്യൂട്ടി ഡയറക്ടർ	08-10-2025	17-10-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
08-10-2025	17-10-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുല ബീവി എം.(ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ.)

ശ്രീ. അൻവർ രാജ് എം. (അസി. ഓഡിറ്റ് ഓഫീസർ)

ശ്രീമതി സുനിത ബാബു ബി.എസ്. (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീ. രഞ്ജിത്ത് സി. (ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. മണികണ്ഠൻ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. അനിൽകുമാർ ആർ. എസ്.	സെക്രട്ടറി	01-04-2024	06-09-2024
ശ്രീ. പ്രശാന്ത് ജി.എസ് (ഹെഡ് ക്ലാർക്ക്)	സെക്രട്ടറി-ഇൻ-ചാർജ്ജ്	07-09-2024	08-09-2024
ശ്രീ. അജു എ. ഒ.	സെക്രട്ടറി	09-09-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി ഗിരിജകുമാരി എസ്.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീ. വിപിൻനാഥ് എസ്. എസ്.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ഡോ. ബെൻഷ പി ബഷീർ	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2024	31-03-2025
ശ്രീമതി സുലഭ എ. എൽ.	ഹെഡ്മിസ്ട്രസ്	01-04-2024	31-03-2025
ഡോ. അർച്ചന	വെറ്റിനറി സർജൻ	01-04-2024	31-03-2025
ശ്രീ. ബാലചന്ദ്രൻ	കൃഷി ഓഫീസർ	01-04-2024	31-03-2025
ഡോ. മഞ്ജു മോഹൻദാസ്	മെഡിക്കൽ ഓഫീസർ, അലോപ്പതി	01-04-2024	31-03-2025
ഡോ. മനോജ്	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	31-03-2025
ശ്രീമതി അഞ്ജന	ഡയറിഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീ. വിനു ജോസഫ്	വി.ഇ.ഒ. കുറ്റിച്ചൽ സർക്കിൾ	01-04-2024	01-09-2024
ശ്രീ. സിജു ഡി.	വി.ഇ.ഒ. കുറ്റിച്ചൽ സർക്കിൾ	02-09-2024	31-03-2025
ശ്രീ. ഷിജു ഏലിയാസ്	വി.ഇ.ഒ. കോട്ടൂർ സർക്കിൾ	01-04-2024	29-09-2024
ശ്രീ. സിജു ഡി.	വി.ഇ.ഒ. കോട്ടൂർ സർക്കിൾ (ചാർജ്)	30-09-2024	31-10-2024
ശ്രീ. ജോണി	വി.ഇ.ഒ. കോട്ടൂർ സർക്കിൾ	01-11-2024	31-03-2025
ശ്രീ. പ്രവീൺ റ്റി.എസ്.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	11-09-2024
ശ്രീ. ശ്രീകുമാർ വി. കെ.	അസിസ്റ്റന്റ് സെക്രട്ടറി	12-09-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വാർഷിക ധനകാര്യ പത്രികയിൽ മുഴുവൻ ഷെഡ്യൂളുകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല	1-1-2
4	സമയബന്ധിതമായി ഡിമാന്റ് എൻടി രേഖപ്പെടുത്തുന്നില്ല	1-1-3
5	B-1 ഷെഡ്യൂൾ പ്രകാരമുള്ള തുകകൾ കൃത്യത പുലർത്തുന്നില്ല	1-1-4
6	ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല	1-1-5
7	ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല	1-1-6
8	വാർഷിക ധനകാര്യ പത്രികയിലെ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകളും മറ്റ് രേഖകളും ലഭ്യമാക്കിയില്ല	1-1-7
9	ക്യാഷ് ഫ്ലോ പത്രിക കൃത്യത പുലർത്തുന്നില്ല	1-1-8
10	വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-9
11	അഡ്വാൻസ് രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല	1-1-10
12	മുൻവർഷത്തെ ലയബിലിറ്റി തുകകൾ തൻവർഷവും ക്രമീകരിച്ചിട്ടില്ല	1-1-11
13	ബജറ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-2-1
14	ബജറ്റ്	1-2
15	സാമ്പത്തിക നില	1-3
16	ഗ്രാന്റ് വിനിയോഗത്തിലെ അപാകങ്ങൾ	1-4-1
17	ഗ്രാന്റ് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	1-4
18	പദ്ധതി ആസൂത്രണം	1-5
19	ക്ഷേമ പദ്ധതികൾ	1-6
20	ക്യാഷ് ബാലൻസ് പരിശോധന	1-7
21	ആഭ്യന്തര നിയന്ത്രണം	1-8
22	തൊഴിലുറപ്പ് പദ്ധതി	1-9
23	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
24	നികുതി-നികുതിയേതര വരുമാനമിനത്തിൽ ആകെ 13,00,545/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു	1-11
25	മാർക്കറ്റ് ലേലം സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല	1-12
26	കടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല	1-13
27	തനത് വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 2,28,790/- രൂപ നഷ്ടമായി	1-14
28	ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല	1-15
29	വസ്തു നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ	1-16
30	തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല	1-17
31	ജലജീവൻ മിഷൻ പദ്ധതി - അവലോകനം	1-18
32	ലൈഫ് ഭവന പദ്ധതി ജനറൽ - ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല	1-19
33	ഹെൽത്ത് ഗ്രാന്റ് വിനിയോഗം	1-20
34	ലൈഫ് ഭവന പദ്ധതി - എസ്.സി. & എസ്.റ്റി. വിഭാഗം - ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല	1-21
35	160/25 - മലവിള അംഗൻവാടി പുനരുദ്ധാരണം - അനിവാര്യമായി നിർവഹിക്കേണ്ട പ്രവൃത്തികൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല	1-22
36	ടെണ്ടറുകൾക്ക് മത്സര സ്വഭാവം ഇല്ല	1-23

37	സ്ട്രീറ്റ് ടാപ്പ് നീക്കം ചെയ്യൽ - ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ ചെലവ് തുക 83,720/- തടസ്സപ്പെടുത്തുന്നു	1-24
38	റിജക്ടഡ് മാലിന്യങ്ങൾ നീക്കം ചെയ്യ വകയിൽ ക്ലീൻ കേരള കമ്പനിക്ക് നല്കാനുള്ള വിഹിതം ഒടുക്കൽ - അപാകതകൾ	1-25
39	പാഥേയം പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല - 5,824/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു	1-26
40	വൈദ്യുത ലൈൻ നീട്ടൽ - ചെലവ് തുകയായ 94,050/- രൂപ തടസ്സപ്പെടുത്തുന്നു	1-27
41	സാനിട്ടറി പാഡ് ഡിസ്പോയർ- നിർവ്വഹണത്തിലെ അപാകങ്ങൾ സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.	1-28
42	കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ കായിക വികസനം - പദ്ധതി വിഭാവനം ചെയ്തതിൽ നിന്നും വിഭിന്നമായി നടപ്പിലാക്കി - ചെലവ് തുക 90,060/- രൂപ തടസ്സപ്പെടുത്തുന്നു	1-29
43	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 4,99,554/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു	1-30
44	കളം പദ്ധതി - കുട്ടികൾക്ക് കളിക്കോപ്പുകൾ വാങ്ങിയത് സ്റ്റോക്കിൽ എടുത്തിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു രൂപ 10,000/-	1-31
45	ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല - ലഭ്യമാകാത്ത മരുന്നുകളുടെ വിലയായ 63,985/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു	1-32
46	രേഖകൾ പരിശോധനയ്ക്ക് നൽകുന്നത് വരെ 1,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു	1-33
47	വയോ ക്ലബുകളുടെ അനുബന്ധ പ്രവർത്തനങ്ങൾ - ചെലവ് രേഖ ഇല്ല - 75,000/- രൂപയുടെ ചെലവ് തുക തടസ്സം ചെയ്യുന്നു	1-34
48	അങ്കണവാടികൾക്ക് മിക്സി വാങ്ങൽ - സ്റ്റോക്കിൽ രേഖപ്പെടുത്തിയില്ല - ചെലവ് തുക 99,981/- രൂപ തടസപ്പെടുത്തുന്നു	1-35
49	ഷൂ റാക്കും ബേബി ബെഡും വിതരണം ചെയ്തത് - ക്രമപ്രകാരം സ്റ്റോക്കിൽ രേഖപ്പെടുത്തിയില്ല - ചെലവ് തുകയായ 1,49,430/- രൂപ തടസ്സപ്പെടുത്തുന്നു	1-36
50	അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ - സ്റ്റോക്ക്/വിതരണ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല- ചെലവ് തുകയായ 2,44,740/-രൂപ തടസപ്പെടുത്തുന്നു	1-37
51	കോട്ടൂർ വൃദ്ധസദനം നിർമ്മാണം - ഓരോ ഘട്ടത്തിലെയും എസ്റ്റിമേറ്റിൽ അനിവാര്യ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടില്ല	1-38
52	ഇ-ടെണ്ടർ ഫീസിനത്തിൽ ലഭ്യമായ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല	1-39
53	കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ, അപേക്ഷകളിൽ ബാങ്ക് അക്കൗണ്ട് നമ്പറുകൾ രേഖപ്പെടുത്തുന്നില്ല	1-40
54	വെറ്ററിനറി സർജൻ ഉപയോഗിച്ച രസീത് പുസ്തകങ്ങളിൽ ഡബിൾ സൈഡഡ് കാർബൺ പേപ്പർ ഉപയോഗിച്ചില്ല	1-41

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	മെഡിസെപ്പ്	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് വിനിയോഗിച്ച തുകയുടെ വിവരം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് വിനിയോഗിച്ച തുകയുടെ വിവരം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8

9	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം –1
പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **കറ്റിച്ചൽ ഗ്രാമപഞ്ചായ**ത്തിന്റെ **2025 മാർച്ച് 31**–ന് അവസാനിച്ച വർഷത്തെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 22–05–2025 തീയതിയിലെ 8–ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 02.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **കറ്റിച്ചൽ ഗ്രാമപഞ്ചായ**ത്തിന്റെ **2024–25** വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ **31.03.2025**ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും **31.03.2025**ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1–1–1 വാർഷിക ധനകാര്യ പത്രികയിൽ മുഴുവൻ ഷെഡ്യൂളുകളും ഉൾപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 62–2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62–2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല. ആയതിന്റെ കാരണം ഓഡിറ്റ് എൻകയറി നം. 11/തീ.14–10–2025 വഴി അന്വേഷിച്ചെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ ഷെഡ്യൂളുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

1–1–2 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4)(എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ 2024–25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B–14 ഷെഡ്യൂൾ Stock In Hand (Inventories)–ൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻകയറി നം. 11/തീ.14–10–2025 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്കുകളുടെ മൂല്യ നിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

1–1–3 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രുവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വിവിധ വരവുകളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024–25 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്.

ഉദാഹരണം ചുവടെ ചേർക്കുന്നു.

ഹെഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ തീയതി
110100101	Property Tax On Residential Building	31.03.2025
110100102	Property Tax On Non Residential Building	
110200101	Profession Tax Institution	
110200105	Profession Tax Traders	

ഇത് സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻകയറി നം. 11/തീ.14–10–2025 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

1–1–4 B–1 ഷെഡ്യൂൾ പ്രകാരമുള്ള തുകകൾ കൃത്യത പുലർത്തുന്നില്ല

മുൻ വർഷത്തെ ബാലൻസ്ഷീറ്റ് B–1 ഷെഡ്യൂൾ പ്രകാരം പഞ്ചായത്ത് ഫണ്ട് –1,65,37,729/– രൂപയാണ്. തൻ വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 42,54,876/– രൂപയാണ് Gross Surplus/(Deficit) Of Income Over Expenditure After Prior Period Items. മുൻ വർഷത്തെ പഞ്ചായത്ത് ഫണ്ടിനൊപ്പം തൻ വർഷത്തെ സർപ്ലസ് തുക കൂട്ടുമ്പോൾ പഞ്ചായത്ത് ഫണ്ട് –1,22,82,853/–

രൂപയാണ് ആകേണ്ടിയിരുന്നതെങ്കിലും ബാലൻസ്ഷീറ്റ് B-1 Panchayat (General) Fund ഷെഡ്യൂളിൽ -1,46,81,681/- രൂപയാണ് നീക്കിയിരിപ്പായി ചേർത്തിരിക്കുന്നത്. ടി വ്യത്യാസത്തിന്റെ കാരണം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി നം. 11/തീ.14-10-2025 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-1-5 ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

AFS-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഹെഡ്	ബാങ്ക്	നീക്കിയിരിപ്പ് തുക (രൂ.) (AFS പ്രകാരം)
450210101	IDBI Bank - (0046104000255721)	0
450210101	Indian Bank - (7138660596)	0
450210101	Union Bank - (403002010029791)	0
450210101	Union Bank - (403002010029792)	3,43,218.00
450210101	Union Bank - (403002010029832)	4,24,908.00
450210101	Union Bank - (403002010029880)	0
450210104	District Treasury Kattakkada - (799011400002921)	0
450210101	Union Bank Of India - (403002010000743)*	1,03,35,610.00
450210101	Union Bank Of India - (403002010014563)	625
450210101	Union Bank Of India - (403002010011267)	6,696.00
450210101	Union Bank Of India - (403002010013376)	1,58,025.00
450210101	Union Bank Of India - (403002010015974)	52,713.00
450210101	Union Bank Of India - (403002010028379)	1,55,998.00
450210101	Union Bank Of India - (403002010029793)	5,36,848.00
450210101	Union Bank (Vathilpadi Sevanam) - (403002010029824)	6,976.00
450210102	Other Co-Operative Bank - (1565)	3,604.00
450210102	Other Co-Operative Bank - (2673)	1,846.00
450210101	Canara Bank - (110083168563)	0

**24-03-2025 വരെയുള്ള സ്റ്റേറ്റ്മെന്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.*

ബാങ്ക് അക്കൗണ്ടുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിന്റെ കാരണം അറിയിക്കാനും ബാങ്ക് അക്കൗണ്ടുകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/തീ.14-10-2025ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. മുഴുവൻ ബാങ്ക് സ്റ്റേറ്റ്മെന്റുകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-1-6 ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല

വരവിനങ്ങളുടെ ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ (തൊഴിൽ നികുതി, ലേലം തുടങ്ങിയവ) പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല. ഇത് സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻക്വയറി നം. 11/തീ.14-10-2025 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിൽ പ്രസ്തുത അപാകം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-1-7 വാർഷിക ധനകാര്യ പത്രികയിലെ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകളും മറ്റ് രേഖകളും ലഭ്യമാക്കിയില്ല

അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ്, പെൻഷൻ ഡി.ബി.റ്റി. സ്റ്റേറ്റ്മെന്റ്, സഞ്ചയ ഡി.സി.ബി. സ്റ്റേറ്റ്മെന്റ്, ആസ്തി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 11/തീ.14-10-2025 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കുകയോ ആവശ്യമായ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൃത്യമായ രേഖകളുടെ അഭാവത്തിൽ വാർഷിക ധനകാര്യ പത്രികയിലെ മുൻകൂർ തുകകളുടെയും ലോൺ തുകയുടെയും ആസ്തികളുടെയും അവയുടെ ഡിപ്രീസിയേഷൻ തുകകളുടെയും പെൻഷൻ തുകയുടെയും വസ്തു നികുതി തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. വാർഷിക ധനകാര്യ പത്രികയിലെ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകളും മറ്റ് രേഖകളും പരിശോധന വേളയിൽ ലഭ്യമാക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

1-1-8 ക്യാഷ് ഫ്ലോ പത്രിക കൃത്യത പുലർത്തുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ 2024-25 വർഷത്തെ ക്യാഷ് ഫ്ലോയും അതേ പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Decrease In Cash And Cash Equivalents" പ്രകാരമുള്ള തുക 1,10,30,860/- രൂപയും "Net Cash Generated By Operating + Investing + Financing Activities (A+B+C)" പ്രകാരമുള്ള തുക 47,20,197/- രൂപയുമാണ്. പ്രസ്തുത പൊരുത്തക്കേട് സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻക്വയറി നം. 11/തീ.14-10-2025 വഴി അന്വേഷിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പൊരുത്തക്കേട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-1-9 വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാത്ത ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല (ഉദാ:- ഇന്ധന ചെലവ്, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം). ഇത് സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻക്വയറി നം. 11/തീ.14-10-2025 വഴി അന്വേഷിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിൽ അപാകം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-1-10 അഡ്വാൻസ് രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

ധനകാര്യപത്രികയിൽ Advance To Implementing Agencies, Advance To Other Accredited Agencies, Advance To Implementing Officers എന്നീ ഹെഡുകൾ പ്രകാരമുള്ള തുക അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന്റെ കാരണം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി നം. 26/തീ.17-10-2025 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനുബന്ധ രേഖകളുടെ അഭാവത്തിൽ

Advance To Implementing Agencies, Advance To Other Accredited Agencies, Advance To Implementing Officers എന്നീ ഹെഡുകൾ പ്രകാരമുള്ള തുകയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

1-1-11 മുൻവർഷത്തെ ലയബിലിറ്റി തുകകൾ തൻവർഷവും ക്രമീകരിച്ചിട്ടില്ല

മുൻ വർഷത്തെ ബാലൻസ്ഷീറ്റിലെ B-9 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന ലയബിലിറ്റി തുകകൾ തൻ വർഷവും ക്രമീകരിച്ചിട്ടില്ല. ആയതിന്റെ കാരണം അറിയിക്കാൻ ഓഡിറ്റ് എൻകയറി നം. 26/നം.17-10-2025 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല

ഹെഡ്	തുക (രൂ.)
350300103Government And Other Dues Payable - Value Added Tax	86,222
350300199Government And Other Dues Payable - Others	700
350200299 Recoveries Payable - Other Deductions	5,513
350200119Recoveries Payable - Covid	1,11,400

മേൽ തുകകൾ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

1-2-1 ബജറ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ

1. 02.12.2016ലെ ജി.ഒ(ആർ.റ്റി)നം. 3291/16/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(Xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള വാർഷിക അവലോകനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻകയറി നം. 12/തീ.14-10-2025 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

2. ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ഘടക സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പൂർണ്ണമായ ആവശ്യകത പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം. 12/തീ.14-10-2025 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.
കൃത്യമായ നടപടി ക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.
3. ബജറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 53,50,643/- രൂപയും പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ് 6,01,022/- രൂപയുമാണ്. മുന്നിരിപ്പ് തുകകളിലെ വ്യത്യാസം സംബന്ധിച്ച് കൃത്യമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

	ബജറ്റ്	റിവൈസ്ഡ് ബജറ്റ്
ഭരണ സമിതി അംഗീകാരം	09.02.2024ലെ 1-ാം നമ്പർ തീരുമാനം	28.03.2025ലെ 1-ാം നമ്പർ തീരുമാനം
മുന്നിരിപ്പ്	രൂ.53,50,643	രൂ.6,01,022
വരവ്	രൂ.26,23,64,000	രൂ.41,35,92,650
ആകെ	രൂ.26,77,14,643	രൂ.41,41,93,672
ചെലവ്	രൂ.26,59,45,000	രൂ.41,34,77,874
നീക്കിയിരിപ്പ്	രൂ.17,69,643	രൂ.7,15,798

1-3 സാമ്പത്തിക നില

റസീപ്റ്റ് & പെയ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് നീക്കിയിരിപ്പ് തുകകൾ ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	രൂ.1,65,60,964.00
വരവ്	രൂ.5,82,68,015.00
ആകെ (മുന്നിരിപ്പ്+വരവ്)	രൂ.7,48,28,979.00
ചെലവ്	രൂ.4,72,37,155.00
നീക്കിയിരിപ്പ്	രൂ.2,75,91,824.00

1-4-1 ഗ്രാന്റ് വിനിയോഗത്തിലെ അപാകങ്ങൾ

1. വികസന ഫണ്ട് പൊതുവിഭാഗത്തിന്റെ എ.സി.ആർ. സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക 1,85,44,962/- രൂപയാണ്. സോഴ്സ് ഡിഡക്ഷൻ തുകകളായ അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക (രൂ.9,19,800/-), ലൈഫ് ലോൺ തിരിച്ചടവ് (രൂ.30,75,745/-) എന്നിവ കൂടി ഇതിനൊപ്പം ചേർക്കുമ്പോൾ ആകെ ചെലവ് 2,25,40,507/- രൂപയാണ്. എന്നാൽ സൂലേഖ ചെലവ് പത്രിക പ്രകാരം 2,20,32,923/- രൂപയാണ് പ്രസ്തുത ഫണ്ടിന്റെ ചെലവ്. തുകകൾ തമ്മിലുള്ള 5,07,584/- രൂപയുടെ വ്യത്യാസത്തിന് കാരണം അറിയിക്കാൻ ഓഡിറ്റ് എൻകയറി നം. 13/തീ.14-10-2025 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം മേഖല അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

മേഖല	വിഭാഗം	അടങ്കൽ (₹)	ചെലവ് (₹)	ചെലവ് %
ഉല്പാദനം	പൊതുവിഭാഗം	77,01,246	56,32,676	73.14%
ഉല്പാദനം	പട്ടിക ജാതി	0	0	-

ഉല്പാദനം	പട്ടിക വർഗ്ഗം	45,000	0	0.00%
സേവനം	പൊതുവിഭാഗം	7,28,58,927	2,85,37,362	39.17%
സേവനം	പട്ടിക ജാതി	1,09,13,554	25,40,072	23.27%
സേവനം	പട്ടിക വർഗ്ഗം	6,34,90,000	75,31,077	11.86%
പശ്ചാത്തലം	പൊതുവിഭാഗം	1,66,68,620	1,08,38,529	65.01%
പശ്ചാത്തലം	പട്ടിക ജാതി	7,50,000	6,44,056	85.87%
പശ്ചാത്തലം	പട്ടിക വർഗ്ഗം	12,64,683	10,54,923	83.39%
ആകെ	-	17,36,92,030	5,67,78,695	32.70%

സേവന മേഖലയിലെ വിവിധ വിഭാഗങ്ങളുടെ ചെലവിന്റെ നിരക്ക് 50 ശതമാനത്തിലും താഴെയാണ്. പൊതുവിഭാഗം (39.17%), പട്ടിക ജാതി (23.27%), പട്ടിക വർഗ്ഗം (11.86%) എന്നിങ്ങനെയാണ് ചെലവ് നില. ആകെ ചെലവ് ശതമാനം 33 ശതമാനം മാത്രമാണ്. ചെലവ് ശതമാനം കുറയാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം. 13/തീ.14-10-2025 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പണം പൂർണ്ണമായും ചെലവഴിക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

3. ബാലൻസ്ഷീറ്റ് B-4 പ്രകാരം 2023-24 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ചിരുന്ന ചുവടെ ചേർക്കുന്ന ഫണ്ടുകൾ 2024-25 സാമ്പത്തിക വർഷത്തിലും ചെലവഴിക്കുകയോ തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. കൂടാതെ ടി ഫണ്ടുകളിൽ നിന്നുള്ള പലിശ ഇനത്തിലെ തുക അതത് ഹെഡുകളിൽ വരവായി ചേർത്തിട്ടുമില്ല. ആയതിന്റെ കാരണം അറിയിക്കാനും പ്രസ്തുത തുക സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിവരം അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 13/തീ.14-10-2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഹെഡ്	തുക (രൂ.)
320100181 Total Sanitation Campaign	10,48,637.00
320200207 Fund For Transferred Institutions - Ayurveda - Capital	50.00
320100197Literacy Scheme Grant	3,535.00
320700204 Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats	16,70,746.00
320700205 Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats$	2,57,617.00
320700304 Contributions For Other Specific Purposes (Capital Expenditure) - From Block Panchayats	3,00,000.00
320100999Other Liabilities	3,300.00

മേൽ തുകകൾ വിനിയോഗിക്കുന്നതിനോ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

4. ഉണഭോക്തൃ വിഹിതം ഇനത്തിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന 2,84,661/- രൂപ ഏത് പദ്ധതിയുമായി ബന്ധപ്പെട്ട് പിരിച്ചെടുത്തതാണെന്ന വിശദാംശം ലഭ്യമാക്കാനും പ്രസ്തുത തുക ചെലവഴിക്കാത്തതിന് കാരണം അറിയിക്കാനും ഓഡിറ്റ് എൻകയറി നം. 13/നം.14-10-2025 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻകയറിയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതും നീക്കിയിരിപ്പ് തുകയിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

1-4 ഗ്രാന്റ് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

ഗ്രാന്റ്	മുന്നിരിപ്പ് (രൂ.)	വരവ് (രൂ.)	ആകെ (രൂ.)	ചെലവ് (രൂ.)	നീക്കിയിരിപ്പ് (രൂ.)
വികസനഫണ്ട് (ജനറൽ)	0	18654665	18654665	22032923	-3378258
വികസനഫണ്ട് (എസ്.സി.പി)	0	3804006	3804006	3065160	738846
വികസനഫണ്ട് (ടി.എസ്.പി)	0	1941817	1941817	3386000	-1444183
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	10477737	10477737	3404841	7072896
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	3853679	3853679	4074591	-220912
മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം	0	7774000	7774000	5979215	1794785
മെയിന്റനൻസ് ഗ്രാന്റ് - റോഡ്	0	5993000	5993000	5993000	0
കേന്ദ്രാവിഷ്കൃത ഫണ്ട്	0	0	0	1664542	-1664542
സംസ്ഥാനാവിഷ്കൃത ഫണ്ട്	0	0	0	5718968	-5718968

1) ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി), വികസന ഫണ്ട് (ടി.എസ്.പി) എന്നീ ഫണ്ടുകളുടെ Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള തുകകളും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള തുകകളുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളിൽ വരവിനേക്കാൾ കൂടുതൽ ചെലവും നീക്കിയിരിപ്പായി നെഗറ്റീവ് തുകകളും കാണപ്പെടുന്നു.

2) ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC - Tied & Untied) മുന്നിരിപ്പ് തുക ഉൾപ്പെടെയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ് തുക ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ CFC - Untied Fund-ൽ നീക്കിയിരിപ്പായി നെഗറ്റീവ് തുകകൾ കാണപ്പെടുന്നുണ്ട്.

3) കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെയും (സി.എസ്.എസ്), സംസ്ഥാനവിഷ്കൃത ഫണ്ടുകളുടെയും (എസ്.എസ്.എസ്) മുന്നിരിപ്പ്, വരവ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, തുകകൾ ഉൾപ്പെടാതെ ചെലവ് തുകകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവായി കാണപ്പെടുന്നു.

4) വെബ്സാംഖ്യ മുഖേന ലഭ്യമാകുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ, നിർവഹണ ഉദ്യോഗസ്ഥർ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ആയതിൽ കൃബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത (ട്രഷറി റിജക്ട് ചെയ്യുന്ന ബില്ലുകൾ, ട്രഷറിയിൽ സമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്ത ബില്ലുകൾ മുതലായവ) ബില്ലുകളുടെ വിവരങ്ങളും ഉൾപ്പെടുന്നുണ്ട്. കൂടാതെ സോഫ്റ്റ് ഡിഡക്ഷൻ വരവ് ചെലവ് തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല.

5) ബിൽ ഡിസ്ക്രൗണ്ടിംഗ് സിസ്റ്റം മുഖേനയുള്ള ചെലവുകൾക്ക് വെബ്സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഇരട്ടിപ്പ് കാണപ്പെടുന്നുണ്ട്.

മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ. എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി ആസൂത്രണം

I) 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ)	ചെലവായ തുക (മറ്റുള്ളവ ഒഴികെ)	ചെലവ് %
കൃഷി ഓഫീസർ	16	16	0	20,93,629	19,41,707	92.74%
വെറ്റിനറി സർജൻ	8	8	0	12,38,000	12,30,185	99.37%
മെഡിക്കൽ ഓഫീസർ - പി.എച്ച്.സി/സി.എച്ച്.സി	22	17	5	53,73,180	38,49,545	71.64%
മെഡിക്കൽ ഓഫീസർ - ഹോമിയോ	3	3	0	4,00,000	3,99,048	99.76%
മെഡിക്കൽ ഓഫീസർ - ആയുർവ്വേദം	3	3	0	18,00,000	18,00,000	100.00%
വി.ഇ.ഒ.	30	16	14	10,83,07,973	99,60,984	9.19%
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	28	25	3	66,47,316	57,08,389	85.86%
സെക്രട്ടറി	61	46	15	1,42,71,819	1,42,22,857	99.66%
ഹെഡ് മാസ്റ്റർ	15	14	1	26,15,918	13,61,475	52.06%
അസിസ്റ്റന്റ് എഞ്ചിനീയർ	81	41	40	2,77,70,496	1,40,42,177	50.56%
ഡയറി ഫാം ഇൻസ്ട്രക്ടർ	4	4	0	22,11,419	17,04,959	77.10%
അസി. സെക്രട്ടറി	8	4	4	9,62,280	5,57,369	57.92%
ആകെ	**279**	**197**	**82**	**17,36,92,030**	**5,67,78,695**	**32.70%**

ആകെ ചെലവ് ശതമാനം 32.70% മാത്രമാണ്. ചെലവ് ശതമാനം കുറയാനുണ്ടായ സാഹചര്യം സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻക്വയറി നം. 15 വഴി അന്വേഷിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി വിഹിതം കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് വരും വർഷങ്ങളിൽ ജാഗ്രത പുലർത്തേണ്ടതാണ്.

II) ആകെ വരവ് -ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക (രൂ.)	ചെലവ് തുക (രൂ.)	ചെലവിന്റെ ശതമാനം (%)
പൊതുവിഭാഗം (ജനറൽ)	2,63,69,051	2,20,32,923	83.56%
എസ്.സി.പി.	44,24,586	30,65,160	69.28%
ടി.എസ്.പി.	38,20,683	33,86,000	88.62%
ധനകാര്യ കമ്മിഷൻ അവാർഡ്	1,43,52,242	74,79,432	52.11%
കേന്ദ്രാവിഷ്കൃത ഫണ്ട്	77,60,550	16,64,542	21.45%
സംസ്ഥാനാവിഷ്കൃത ഫണ്ട്	6,12,74,472	57,18,968	9.33%
തനത് ഫണ്ട്	4,01,500	1,14,050	28.41%
മറ്റ് ബ്ലോക്ക്പഞ്ചായത്ത്	1,89,14,606	5,92,125	3.13%
മറ്റ് ജില്ലാ പഞ്ചായത്ത്	1,98,49,765	4,10,340	2.07%
മെയിന്റനൻസ് റോഡ്	69,93,000	59,93,000	85.70%
മെയിന്റനൻസ് റോഡിതരം	83,42,427	59,79,215	71.62%
ഹെൽത്ത് ഗ്രാന്റ്	11,89,148	3,42,940	28.84%
മറ്റുള്ളവ	7,08,81,344	79,43,976	11.21%
ആകെ	24,45,73,374	6,47,22,671	26.47%

III. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ)നം. 84/2022/തസ്വഭവ., തീ. 19.04.2022ലെ ഖ. 3.1.1 പ്രകാരം ആസൂത്രസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനും ഖണ്ഡിക 3.1.2 (ബി)7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി അവതരിപ്പിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനും ഖണ്ഡിക 3.1.2 (ബി)13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്തതിന്റെ നടപടിക്രമങ്ങൾ/ വിശദാംശങ്ങൾ ഹാജരാക്കാനും ഓഡിറ്റ് എൻക്വയറി നം.15/14-10-2025 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. പ്രസ്തുത വ്യവസ്ഥ പാലിച്ചതുമായി ബന്ധപ്പെട്ട രേഖകളും ഓഡിറ്റ് വേളയിൽ ഹാജരാക്കിയില്ല. ആയതിനാൽ പദ്ധതി ആസൂത്രണം, നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ട് പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചിട്ടുള്ളതായി ഓഡിറ്റ് വേളയിൽ ബോധ്യപ്പെട്ടിട്ടില്ല.

1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (രൂ.)
കർഷക തൊഴിലാളി പെൻഷൻ	1,933,600
വിധവ പെൻഷൻ	14,617,800
വാർദ്ധക്യകാല പെൻഷൻ	28,793,400
വികലാംഗ പെൻഷൻ	4,127,200
50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ	391,200

1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-10-2025ന് 11.05a.M സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,223/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം നടത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഓരോ ജീവനക്കാരനും കൈകാര്യം ചെയ്യുന്ന രജിസ്റ്ററുകൾ രേഖകൾ, ഫയലുകൾ, വൗച്ചറുകൾ എന്നിവയുടെ സുരക്ഷിതമായ സൂക്ഷിപ്പിനും, പരിശോധനക്കായി അവ ഹാജരാക്കുന്നതിനുള്ള ഉത്തരവാദിത്തവും പ്രസ്തുത ജീവനക്കാർക്കാണ് എന്ന് പ്രത്യേകം വ്യക്തമാക്കിയിട്ടില്ല.
2. സെക്രട്ടറി എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ചേർക്കുകയും, ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.
3. ഫയലുകൾ തീർപ്പാക്കുന്നുണ്ടെങ്കിലും ഓഡിറ്റ് തീയതിയിൽ 465 ഫയലുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നു. തീർപ്പാക്കാതെ ദീർഘകാലമായി അവശേഷിക്കുന്ന ഫയലുകളും അപേക്ഷകളും ഇല്ല.
4. എസ്.എൽ.ഐ., ജി.ഐ.എസ്. എന്നിവ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ സബ്സ്ക്രിപ്ഷൻ എടുത്തിട്ടുണ്ട്. എല്ലാത്തരം റിക്കവറികളും എല്ലാ മാസവും 5-ാം തീയതിക്കകം ഒടുക്ക് വരുത്തുന്നുണ്ട്.
5. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട്.
6. ഇൻകമ്പൻസി മാസ്റ്റർ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
7. A) സേവന പുസ്തക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.
   B) ജീവനക്കാരുടെ ശമ്പള നിർണ്ണയ അംഗീകാരംവാങ്ങിയിട്ടുണ്ട്.

അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, പെൻഷൻ DBT സ്റ്റേറ്റ്മെന്റ്, ആസ്തി രജിസ്റ്റർ എന്നിവ തൻവർഷത്തെ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഇവയുടെ പരിപാലനം കൃത്യമാണോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

8) കാഷ്വൽ ലീവ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.
9) ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.
10) ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് അടുത്ത കമ്മിറ്റിയിൽ റിപ്പോർട്ട് ചർച്ചയ്ക്ക് എടുക്കുകയോ, കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആദ്യ മറുപടി തയ്യാറാക്കി സമർപ്പിക്കുകയോ ചെയ്തിട്ടില്ല.
11. 2023-24 ഓഡിറ്റ് റിപ്പോർട്ടിന് ആദ്യ മറുപടി അയച്ചിട്ടില്ല.
12. നിശ്ചിത മാതൃകയിൽ വിവരാവകാശ രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നുണ്ട്. വിവരാവകാശവുമായി ബന്ധപ്പെട്ട അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് ഒരു ക്ലാർക്കിനെ ഓഫീസ് ഉത്തരവ് പ്രകാരംചുമതലപ്പെടുത്തിയിട്ടുണ്ട്.
13. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.
14. പരാതി രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കുകയും, അപേക്ഷകന് യഥാസമയം മറുപടി നൽകുകയും ചെയ്യുന്നുണ്ട്.
15. ജനറൽ കമ്മിറ്റി മിനിട്സ് ചട്ടം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ ക്ലോസ് ചെയ്ത് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുന്നുണ്ട്.

1-9 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	9990.06	26,63,145.58	26,73,135.64	26,72,509.00	626.64
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	5,89,96,000	5,89,96,000	5,89,96,000	0
ആകെ	9990.06	6,16,59,145.58	6,16,69,135.64	6,16,68,509.00	626.64

A. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ലഡ്ജർ പ്രകാരമുള്ള ഭരണചെലവുകൾ മേൽ പട്ടികയുമായി പൊരുത്തപ്പെടുന്നില്ല. ലഡ്ജർ പ്രകാരമുള്ള വരവ് ചെലവ് നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	9,989	26,63,145.58	26,73,134	1,636,508.00	1036626

B. ബാലൻസ്ഷീറ്റ് B-17 പ്രകാരം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പ് 625/- രൂപയാണ്. (Union Bank Of India A/C 403002010014563). എന്നാൽ ബാലൻസ്ഷീറ്റ് B-4 പ്രകാരം തൊഴിലുറപ്പ് പദ്ധതി ഇനത്തിലെ നീക്കിയിരിപ്പ് തുക 10,36,626/- രൂപയാണ്. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. നീക്കിയിരിപ്പ് തുകകളിലെ പൊരുത്തക്കേട് പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോർമൻസ് ഓഡിറ്റ്	07/05/2022 മുതൽ 09/05/2022 വരെ	2021-2022	16/05/2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	18/03/2022 മുതൽ 19/03/2022 വരെ	2019-2020	07/04/2022

1-11 നികുതി-നികുതിയേതര വരുമാനമിനത്തിൽ ആകെ 13,00,545/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് B-15 പ്രകാരം 2024-25 വർഷാന്ത്യത്തിൽ നികുതി നികുതിയേതര വരുമാനങ്ങളിൽ ഉൾപ്പെട്ട 13,00,545/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. 31-03-2025 പ്രകാരം പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്ന നികുതി നികുതിയേതര വരുമാന തുകകളിൽ നാളിതുവരെ എത്ര രൂപ ഈടാക്കിയിട്ടുണ്ടെന്ന വിവരം അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം. 18/16-10-2025 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

431100101	Receivables For Property Tax On Residential Buildings (Current)	95,677
431100102	Receivables For Property Tax On Residential Buildings (Arrears)	1,59,429
431100103	Receivables For Property Tax On Non-Residential Buildings (Current)	3,50,094
431100104	Receivables For Property Tax On Non-Residential Buildings (Arrears)	5,94,812
431400101	Rent Receivables From Buildings (Current)	2,365
431400102	Rent Receivables From Buildings (Arrears)	27,900
431400106	Receivables Towards Market Receipts (Arrears)	68,333
431400116	Receivables Towards Usufructs Of Trees (Arrears)	1,935

	ആകെ	13,00,545

കുടിശ്ശിക തുക പൂർണ്ണമായും പിരിച്ചെടുത്ത് പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 മാർക്കറ്റ് ലേലം സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല

കുറ്റിച്ചൽ, ഉത്തരംകോട്, കോട്ടൂർ മാർക്കറ്റുകളുടെ ഗേറ്റ് ഫീ പിരിവ് ലേലം 27-07-2024 തീയതി നടന്നതിൽ ആരും പങ്കെടുത്തിരുന്നില്ല. അബ്ദുൾ ഖാദർ എന്ന വ്യക്തി കുറ്റിച്ചൽ മാർക്കറ്റിൽ നിന്നും ഗേറ്റ് ഫീ പിരിക്കുന്നതിനുള്ള അവകാശം 15,000/- രൂപയ്ക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച കത്ത് 31-07-2024ലെ ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്യുകയും ടി അപേക്ഷ കമ്മിറ്റി നിരസിച്ച് കുറ്റിച്ചൽ, ഉത്തരംകോട്, കോട്ടൂർ എന്നീ മാർക്കറ്റുകളിലെ ഗേറ്റ് ഫീ പിരിവ് ലേലത്തിൽ ആരും പങ്കെടുക്കാത്തതിനാൽ പുനർലേലം നടത്തുന്നതിന് 7(1) നമ്പർ തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും ചെയ്തു. എന്നാൽ പുനർലേലം നടത്തിയതിന്റെയും മാർക്കറ്റിന്റെ ഗേറ്റ്ഫീ ഇനത്തിൽ തുക വരവ് വച്ചതിന്റെയും രേഖകൾ ലഭ്യമല്ല. ലേല നടപടികൾ സ്വീകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം. 18/16-10-2025 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന പ്രസ്തുത വരുമാനം ലഭിച്ചതായി ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. ലേലം നടത്തിയിട്ടുള്ള പക്ഷം ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം കൃത്യമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-13 കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല

കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ സ.ഉ.(കൈ)നം.117/2022/LSGD, തീ. 01-06-2022 പ്രകാരമുള്ള കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയതിന്റെ കാരണം ഓഡിറ്റ് എൻകയറി നം. 18/16-10-2025 വഴി അന്വേഷിച്ചെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാർഷിക ധനകാര്യ പത്രികയിലെ B-15 ഷെഡ്യൂൾ പ്രകാരം അരിയർ ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകകൾ ഏത് വർഷത്തെ കുടിശ്ശികയാണെന്ന വിവരം ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം. 18/16-10-2025 വഴി ആവശ്യപ്പെട്ടതിനും മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-14 തനത് വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 2,28,790/- രൂപ നഷ്ടമായി

20/02/2025 ലെ GO(Rt)No.1625/2025/Fin നമ്പർ ഉത്തരവ് പ്രകാരം ലഭ്യമാക്കിയ പൊതുവിഭാഗം -വികസനഫണ്ടിൽ നിന്നും 2,28,790/- രൂപ ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്തത് കാരണം സ.ഉ.(കക)നം.179/2022/ധന. ഉത്തരവ് പ്രകാരം കുറവ് ചെയ്തിരിക്കുന്നു. തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കുകയും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻകയറി നം. 18/16-10-2025ന് മറുപടി ലഭ്യമാക്കിയില്ല. തനത് വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനും വരുമാന നഷ്ടം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-15 ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

സർക്കുലർ നം. ഡി.എ1/287/2022- തസ്വഭവ തീ. 17/04/2023 പ്രകാരം ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 18/16-10-2025 ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ പരിപത്രത്തിൽ നിർദ്ദേശിച്ചിരിക്കും വിധമുള്ള പുതിയ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 വസ്തു നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ

I) സ.ഉ(കൈ)നം. 77/2023/LSGD, തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയ ഡിമാന്റ് നോട്ടീസ്, മേൽ ഉത്തരവ് പ്രകാരമുള്ള 9(എ) ഫോറത്തിൽ 31.03.2023-നകം കെട്ടിട ഉടമകൾക്ക് നൽകേണ്ടതുമാണ്.

2. ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവര ശേഖരണം 30.06.2023-നകം പൂർത്തീകരിക്കേണ്ടതും, വിവര ശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതുമാണ്.

3. വിവരണശേഖരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിവരം സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി ഡിമാന്റ് പരിഷ്കരിക്കേണ്ടതാണ്.

4. കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്വെയറിൽ ചേർക്കുന്ന മുറയ്ക്ക് 10% കെട്ടിടങ്ങൾ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ നടപ്പാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം. 22/ 17-10-2025 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കുകയോ മറ്റ് രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൃത്യമായ മറുപടിയുടെയോ രേഖകളുടെയോ അഭാവത്തിൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുള്ളതായി ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല. ഓഡിറ്റ് എൻകയറി മുഖേന ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

II) പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി-1, ജി-2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം. 22/ 17-10-2025 വഴി അന്വേഷിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പോസ്റ്റ് ഒക്കുപൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും നികുതി നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

III) മൊബൈൽ ടവറിൽ നിന്നും 61,428/- രൂപ വസ്തു നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

ബിൽഡിംഗ് ഐ.ഡി.	കെട്ടിട നമ്പർ	ഉടമസ്ഥൻ
50260010005595	2/483/	Reliance Communication Limited

മേൽ പറഞ്ഞിരിക്കുന്ന മൊബൈൽ ടവറിൽ നിന്നും 61,428/- രൂപ വസ്തു നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. 2021 മുതലുള്ള കുടിശ്ശികയാണ് ഇത്തരത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നത്. തുക ഈടാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം. 22/17-10-2025 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

IV) കുടിശ്ശിക തുക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കിയില്ല

വസ്തു നികുതി ഇനത്തിലെ കുടിശ്ശികയിന്മേൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ള പക്ഷം ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം. 22/17-10-2025 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-17 തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204 പ്രകാരം, പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിന് വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ , സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ, ഹെവി വാഹന ഉടമകൾ, റേഷൻ വ്യാപാരികൾ, മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് 60 ദിവസത്തിലധികം പ്രവൃത്തി നിർവഹിച്ച കരാറുകാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിയ്ക്കുകയോ ഇത്തരം ആൾക്കാരിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം. 27/17-10-2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല .തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് അടിയന്തിരമായി തയ്യാറാക്കി തൊഴിൽ നികുതി ഇനത്തിലെ വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

1-18 ജലജീവൻ മിഷൻ പദ്ധതി – അവലോകനം

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും 2024-ഓടു കൂടി കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 05.07.2021ലെ 533/2020/Dpo/തിരു./ജെ.ജെ.എം. നമ്പർ കുറിപ്പിൽ വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത കുറിപ്പ് പ്രകാരം ജലജീവൻ മിഷൻ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാണ്.

കേന്ദ്ര സംസ്ഥാന വിഹിതം – 50:50

സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം -15%

ഗുണഭോക്തൃവിഹിതം -10%

ഗുണഭോക്തൃ വിഹിതമിനത്തിൽ പഞ്ചായത്തിന് 2020-21ൽ രൂ.2,54,251/- ലഭിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപന വിഹിതമായോ, ഗുണഭോക്തൃ വിഹിതമായോ വാട്ടർ അതോറിറ്റിയ്ക്ക് തുകയൊന്നും നൽകിയിട്ടില്ലായെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി മറുപടി നൽകി. റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ലായെന്നും മറുപടി നൽകി.

റോഡ് റെസ്റ്റോറേഷൻ ഇനത്തിലെ തുക ഡിമാന്റ് ചെയ്ത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ജലജീവൻ പദ്ധതിക്കായി പൊളിച്ച റോഡുകളെ പൂർവ്വസ്ഥിതിയിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

എൻകയറി നം 1/9.10.25

1-19 ലൈഫ് ഭവന പദ്ധതി ജനറൽ – ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾ 2022-23ൽ ഭവന നിർമ്മാണം ആരംഭിച്ച് നാളിതു വരെ പൂർത്തിയാക്കിയിട്ടില്ല. രജിസ്റ്ററുകളിലെ രേഖപ്പെടുത്തൽ പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	ആദ്യ ഗഡു കൈപ്പറ്റിയ തിയതി	നാളിതുവരെ കൈപ്പറ്റിയ തുക/ അവസാനഗഡു കൈപ്പറ്റിയ തിയതി	ഓഡിറ്റ് എൻകയറിക്ക് നൽകിയ മറുപടിയുടെ വിവരം (നം:21 തിയതി:16/10/2025
1	ശോഭന എസ്.	05/05/2023	രൂ.1,40,000/- (30/07/2024)	ലിന്റിൽ വരെ പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്നുള്ള പ്രവൃത്തികൾ ചെയ്യുന്നുണ്ട്
2	ഷീജ എം.	17/06/2023	രൂ.40,000/- (17/06/2023)	പ്രവൃത്തിയൊന്നും നിർവഹിച്ചിട്ടില്ല. ഭവന നിർമ്മാണം നടത്തുന്നതിന് താൽപര്യപ്പെടുന്നില്ല
3	ലൈസ	22/03/2023	രൂ.3,40,000/- (24/08/2023)	ലിന്റിൽ വരെ പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്നുള്ള പ്രവൃത്തി ചെയ്യുന്നതിന് താൽപര്യപ്പെടുന്നില്ല
4	പ്രിയ വൈ.	17/05/2023	രൂ.2,80,000/- (25/02/2025)	മേൽക്കൂര പൂർത്തിയായി. തുടർ പ്രവൃത്തികൾ ചെയ്യ കൊണ്ടിരിക്കുന്നു
5	അമ്പിളി കുമാരി	21/12/2023	രൂ.3,00,000/- (17/03/2025)	മേൽക്കൂര പൂർത്തിയായി. തുടർ പ്രവൃത്തികൾ ചെയ്യ കൊണ്ടിരിക്കുന്നു
6	ഷീജ ബി. ജെ.	24/08/2023	രൂ.3,40,000/- (17/03/2025)	ഭവന നിർമ്മാണം പൂർത്തിയായിട്ടുണ്ട്

ഭവന നിർമ്മാണം തുടർന്ന് ചെയ്യാൻ താല്പര്യമില്ലാത്ത ഗുണഭോക്താക്കളിൽ നിന്നും നാളിതുവരെ നൽകിയ തുക ഈടാക്കേണ്ടതും തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ് (ഓഡിറ്റ് എൻകയറി നം. 21/തീ. 17.10.2025).

1-20 ഹെൽത്ത് ഗ്രാന്റ് വിനിയോഗം

G0(Rt)No. 2132/2022/LSGD ഉത്തരവ് പ്രകാരം 5 സ്കീമുകൾ പ്രതിപാദിച്ചിട്ടുള്ളതിൽ മൂന്ന് സ്കീമുകളാണ് ഗ്രാമപഞ്ചായത്ത് തലത്തിൽ ബാധകമായത്. ഗ്രാമപഞ്ചായത്തിൽ ഓരോ ഗ്രാന്റിനും പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. മൂന്ന് സ്കീമിലും ലഭ്യമായ

ഗ്രാന്റിന്റെ വരവും ചെലവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു (ബാങ്ക് സ്റ്റേറ്റ്മെന്റ്, സുലേഖ സ്റ്റേറ്റ്മെന്റ് എന്നിവയെ ആധാരമാക്കി തയ്യാറാക്കിയത്).

സ്കീം 1) കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ ധനസഹായം (നിർവഹണം – എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ).

സ്കീം 3) ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (നിർവഹണം – മെഡിക്കൽ ഓഫീസർ).

സ്കീം 4) ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (നിർവഹണം – മെഡിക്കൽ ഓഫീസർ).

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ

	സ്കീം – 3	സ്കീം – 4	ആകെ
2021–22	0	0	0
2022–23	2,96,145	1,61,789	4,57,934
2023–24	7,77,067	3,36,188	11,13,255
2024–25	3,28,646	5,29,769	8,58,415
ആകെ	14,01,858	10,27,746	24,29,604

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവിട്ട തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

വർഷം	സ്കീം –1	സ്കീം – 3	സ്കീം – 4	ആകെ ചെലവ്
2021–22	0	0	0	0
2022–23	0	0	0	0
2023–24	0	8,04,802	4,01,796	12,06,598
2024–25	0	2,53,838	89,102	3,42,940
ആകെ	0	10,58,640	4,90,898	15,49,538

3) ഓരോ സ്കീമിലെയും 31.03.2025ലെ നീക്കിയിരിപ്പ്

സ്കീം 3 – ₹3,43,218/–
സ്കീം 4 – ₹5,36,848/–
നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യ പത്രികയിലെ നീക്കീയിരിപ്പുമായി പൊരുത്തപ്പെടുന്നുണ്ട്.

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

വർഷം	പദ്ധതിയുടെ പേര്	ചെലവ് തുക (₹.)
2023–24	187/24 (SO) ഉപ കേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ	1,59,907
2023–24	220/24 കുറ്റിച്ചൽ കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ	2,41,889
2023–24	186/24 (SO) കുറ്റിച്ചൽ എഫ്.എച്ച്.സി.-യിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	2,92,839
2023–24	221/24 ആരോഗ്യ സ്ഥാപനത്തിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	5,11,963
2024–25	301/25 (SO) കുറ്റിച്ചൽ കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ	89,102
2024–25	302/25 (SO) ആരോഗ്യ സ്ഥാപനത്തിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	2,53,838
ആകെ		15,49,538

1–21 ലൈഫ് ഭവന പദ്ധതി – എസ്.സി. & എസ്.ടി. വിഭാഗം – ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

1) പട്ടിക വർഗ വിഭാഗത്തിലുൾപ്പെട്ട 2018–19 കാലയളവിൽ ഭവന നിർമ്മാണം ആരംഭിച്ച ഗുണഭോക്താക്കൾക്ക് നാളിതുവരെ തുക പൂർണമായും നൽകിയിട്ടില്ല. രജിസ്റ്റർ പ്രകാരം ലഭ്യമായ വിശദാംശം ചുവടെ ചേർക്കുന്നു (ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന തുക 6,00,000/– രൂപ).

